

*സി.പി.സി.ആർ.ഐയിൽ നടന്ന കാർഷികമേളയും പ്രദർശനവും കേന്ദ്ര കൃഷി-കർഷകക്ഷേമ വകുപ്പ് മന്ത്രി രാധാമോഹൻ സിങ് ഉദ്ഘാടനംചെയ്യുന്നു*

MD 11/12/16

# കിസാൻ മേളക്ക് ഉജ്ജ്വല തുടക്കം

**കാസർകോട്:** കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് കാസർകോട് സി.പി.സി.ആർ.ഐയിൽ കാർഷികമേളക്ക് ഉജ്ജ്വല തുടക്കം. കാർഷിക ഉൽപന്നങ്ങളുടെ പ്രദർശനവും നാളികേര സെമിനാറും മേളക്കൊപ്പം നടന്നു. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന കാർഷിക മേള കേന്ദ്ര കൃഷി-കർഷകക്ഷേമവകുപ്പ് മന്ത്രി രാധാമോഹൻ സിങ് ഉദ്ഘാടനംചെയ്തു.

ഈയടുത്തായി 246 ഹെക്ടർ സ്ഥലത്ത് കൂടുതലായി നാളികേരം ഉൽപാദിപ്പിക്കാൻ കേരളം തുടങ്ങിയിട്ടുണ്ട്. ഇത് വലിയ നേട്ടമാണ്. കേരളത്തിൽ എല്ലാ വീടുകളിലും തെങ്ങുകൾ ഉണ്ടെന്നും നാളികേര ഉൽപന്നങ്ങളുടെ വിപണനവും വർധിച്ചുവരുകയാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. പി. കരുണാകരൻ എം.പി അധ്യക്ഷത വഹിച്ചു. ചടങ്ങിൽ സി.പി.സി.ആർ.ഐയുടെ വിവിധ പുസ്തകങ്ങളുടെ പ്രകാശനവും നാളികേര ഉൽപന്നങ്ങളുടെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവഹിച്ചു.

റവന്യൂ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ, ഉത്തര കന്നട എം.പി അനന്ത്കുമാർ ദത്താത്രേയ ഹെഗ്ഡേ, സി.പി.സി.ആർ.ഐ ഡയറക്ടർ ജനറൽ ഡോ. തിലോചൻ മഹാപാത്ര, കാംപ്കോ പ്രസിഡൻറ് എസ്.ആർ. സതീഷ്ചന്ദ്ര, മൊഗ്രാൽപുത്തൂർ പഞ്ചായത്ത് പ്രസിഡൻറ് എ.എ. ജലീൽ, പ്രിൻസിപ്പൽ അഗ്രികൾചറൽ ഓഫിസർ വി. പ്രദീപ് എന്നിവർ സംസാരിച്ചു. സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ. പി. ചൗഡപ്പ സ്വാഗതം പറഞ്ഞു.

അമ്പതോളം സ്റ്റാളുകളാണ് സി.പി.സി.ആർ.ഐ ഒരുക്കിയ പ്രദർശനമേളയിലുള്ളത്.